ഭരണഭാഷ മാതൃഭാഷ

AHD/4761/2026-X4

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
directorah.ker@nic.in

തീയതി :13-07-2026

**സർക്കുലർ**

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - DPC- Score- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയത് -സംബന്ധിച്ച്

സൂചന:- 1. ഈ ഓഫീസിലെ 01.11.2025 ലെ AHD/7052/2025-X4 നമ്പർ സർക്കുലർ

2. സ്കോറിൽ നിന്നും കിട്ടിയ ഇ-മെയിൽ സന്ദേശം

വകുപ്പിലെ ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ, ധനകാര്യ(ഐ ടി സോഫ്റ്റ് വെയർ)വകുപ്പ് വികസിപ്പിച്ചെടുത്ത സ്കോർ (SCORE) എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ (www.score.kerala.gov.in) മുഖേന സമർപ്പിക്കുവാൻ സൂചന (1) പ്രകാരം നിർദ്ദേശം നല്കുകയുണ്ടായി. നിലവിൽ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്കോർ മുഖേന തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I I ശ്രീ. ജോൺ സി. ജോയ് യെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Pen | Name | Email Id | Mobile Number |
|---|---|---|---|
| 228271 | John C. Joy | aa2.ahd@kerala.gov.in | 9446187556 |

സ്കോറുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥർ സമയബന്ധിതമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൻമൂലം

ഡി.പി.സി നടപടിക്രമങ്ങൾ വൈകുന്നതിനും, തദ്വാര ഉദ്യോഗകയറ്റ ഉത്തരവുകൾ യഥാസമയം പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നു. ഇത്തരത്തിൽ ഡി.പി.സിയുമായി ബന്ധപ്പെട്ട് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിക്കുന്ന വേളയിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതുമൂലം ഡി.പി.സിയിൽ ഉൾപ്പെടാതെ വന്നാൽ ആയതിന്റെ ഉത്തരവാദിത്തം അവരവർക്ക് മാത്രമായിരിക്കും. ടി സർക്കുലർ ബന്ധപ്പെട്ട ഓഫീസർമാർക്ക് നൽകി കൈപ്പറ്റ് രസീത് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

Digitally signed by
SINDHU K
Date: 13-07-2026
16:23:06

**DIRECTOR**

സ്വീകർത്താവ് :

1) എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും, വകുപ്പ് തല ഓഫീസർമാർക്കും

പകർപ്പ് :

1) ഐ ടി സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2) സ്റ്റോക്ക് ഫയൽ - എക്സ്.4